DESPATCHED On. 22/06/2020

09/06/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1372*(2)/2017*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **8012**/എസ്.ഐ.സി-ജി 6/17)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.ബി.പി.ഷാജു,
ഭരണിക്കുളങ്ങര വീട്,
മല്ലുശ്ശേരി, വട്ടപ്പറമ്പ് പി.ഒ.,
എറണാകുളം. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
   പേലീസ് സബ് ഇൻസ്പെക്ടർ,
   പോലീസ് സബ് ഇൻസ്പെക്ടറുടെ കാര്യാലയം,
   സിറ്റി ട്രാഫിക് ഈസ്റ്റ്, തൃപ്പൂണിത്തുറ.

2. അപ്പീൽ അധികാരി&
   പോലീസ് അസിസ്റ്റന്റ് കമ്മീഷണർ,
   സിറ്റി ട്രാഫിക് ഈസ്റ്റ്, കൊച്ചി സിറ്റി.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 08.03.2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 25.03.2017 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 03.04.2017 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 02.05.2017 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 08.06.2017 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 13.06.2017 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 02.03.2020 ഗസ്റ്റ് ഹൗസ്, എറണാകുളം |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.ബി.പി.ഷാജു, 08.06.2017ന് സമർപ്പിച്ച അപ്പീൽ ഹർജി 13.06.2017ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.1372(2)/17/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലത്തതിനാൽ ഒന്നാം അപ്പീൽ സമർപ്പിച്ചുവെന്നും ആയതിനും നാളിതുവരെ ടിയാൻ ആവശ്യപ്പെട്ട പകർപ്പുകൾ ലഭ്യമായില്ലെന്നും ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 08.03.2017ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, കൊച്ചി സിറ്റി ട്രാഫിക് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 2198/2015 & 3543/2016 എന്നിവ സംബന്ധിച്ച 14 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 25.03.2017ന് നൽകിയ മറുപടിയിൽ ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന ക്രൈം നമ്പർ 2198/2015 –ാം നമ്പർ കേസ് ഫയലിന്റെ അസ്സൽ രേഖകൾ കോടതിയിൽ സമർപ്പിച്ചിട്ടുള്ളതിനാൽ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ നൽകുന്നതിന് സാധ്യമല്ലെന്നും ക്രൈം നമ്പർ 3543/2016 സംബന്ധിച്ച് പകർപ്പുകൾ വിവരാവകാശ നിയമം 8(h) പ്രകാരം നൽകാൻ നിർവ്വാഹമില്ലെന്നുമാണ്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 02.05.2017ന് നൽകിയ മറുപടിയിൽ ഹർജിക്കാരന്റെ അപേക്ഷയിൽ 2198/2015, 3282/16, 3434/16, 3543/2016 എന്നീ കേസ്സുകളുടെ 13 ഓളം റിക്കാർഡുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ആവശ്യപ്പെട്ടിരിക്കുന്നതിനാൽ ക്രൈം 2198/2015 എന്ന നമ്പരിൽ രണ്ട് ക്രൈം നമ്പറുകൾ കാണുന്നുവെന്നും ആയത് 08.03.2015ൽ രജിസ്റ്റർ ചെയ്ത് u/s 279, 338 IPC കേസ്സ് പിഴയടച്ച് തീർപ്പാക്കിയിട്ടുള്ളതും 13.10.2015ൽ രജിസ്റ്റർ ചെയ്ത Cr.No.2198/2015 u/s 279, 304(A) IPC കേസ്സ് വിസ്താരത്തിലിരിക്കുന്നു

വെന്നുമാണ്. കൂടാതെ ടിയാൻ ആവശ്യപ്പെട്ടിരിക്കുന്ന 3543/2016 u/s 279, 304(A) IPC, 13.10.2015 തീയതി രജിസ്റ്റർ ചെയ്ത Cr.No.2198/2015 U/s 279,304(A)IPC എന്നീ കേസ്സുകൾ വിസ്താരത്തിലാണെന്നുമാണ്. വിസ്താരത്തിലിരിക്കുന്ന കേസ്സുകളുടെ പകർപ്പുകൾ കോടതിയിൽ നിന്നും ടിയാന് വാങ്ങാവുന്നതാണെന്നും 3282/16, 3434/16 എന്നീ കേസ്സുകൾ തീർപ്പായിട്ടുള്ളതിനാൽ ടി കേസ്സുകളിൽ ടിയാന് ആവശ്യമായ രേഖകൾ തൃപ്പൂണിത്തുറ ട്രാഫിക് വിംഗിൽ നിന്നും നിർദ്ദേശിക്കുന്ന തുക ട്രഷറിയിൽ അടച്ച് സാക്ഷ്യപ്പെടുത്താത്ത പകർപ്പ് ആവശ്യപ്പെടാവുന്നതാണെന്നും ഒറിജിനൽ റിക്കാർഡുകൾ കോടതിയിൽ ആയതിനാൽ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ നൽകാൻ നിർവ്വാഹമില്ലെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 22.02.2020ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും ഹർജിക്കാരന് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. കൂടാതെ കോടതിയിൽ പിഴയടച്ചു തീർപ്പാക്കിയ ഫയലുകളുടെ പകർപ്പുകൾ ഫീസൊടുക്കി കൈപ്പറ്റാവുന്നതാണെന്നും വിചാരണയിലിരിക്കുന്ന കേസ്സുകളുടെ രേഖകൾ കോടതിയിൽ നിന്നും വാങ്ങാവുന്നതാണെന്നും ടിയാനെ അറിയിച്ചിരുന്നുവെന്നുമാണ്. എന്നാൽ 21.01.2020ലെ സംസ്ഥാന പോലീസ് മേധാവിയുടെ No.U6-10730/2020/PHQ. Circular No.5/2020 ലെ സെക്ഷൻ 160ൽ പ്രതിപാദിച്ചിരിക്കുന്നത്, **“ A registering authority or the officer-in-charge of a police station shall, if so required by a person who alleges that he is entitled to claim compensation in respect of an accident arising out of the use of a motor vehicle or if so required by an insurer against whom a claim has been made in respect of any motor vehicle, furnish to that person or to that insurer, as the case may be, on payment of the prescribed fee, any information at the disposal of the said authority or the said police officer relating to**

**the identification marks and other particulars of the vehicle and the name and address of the person who was using the vehicle at the time of the accident or was injured by it and the property, if any damaged in such form and within such time as the Central Government may prescribe."** ടി സർക്കുലർ പ്രകാരം ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ കാലതാമസം കൂടാതെ ടിയാന് നൽകേണ്ടതാണെന്ന് ഒന്നാം എതിർകക്ഷിയ്ക്ക് കമ്മീഷൻ നിർദ്ദേശം നൽകുന്നു.

5. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ജൂൺ 09-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/